Class No. : ..............................

Name : ..................................

**FY 36**

# FIRST YEAR HIGHER SECONDARY SECOND TERMINAL EXAMINATION, DECEMBER 2023

## Part – III

## POLITICAL SCIENCE

**Maximum : 80 Scores**

Time : 2½ Hours
Cool-off Time : 15 Minutes

***General Instructions to Candidates :***

- *There is a 'Cool off time' of 15 minutes in addition to the writing time.*
- *Use the 'cool off time' to get familiar with questions and to plan your answers.*
- *Read questions carefully before answering.*
- *Read the instructions carefully.*
- *Malayalam version of the questions is also provided.*
- *Calculations, figures and graphs should be shown in the answer sheet itself.*

**വിദ്യാർത്ഥികൾക്കുള്ള പൊതുനിർദ്ദേശങ്ങൾ :**

- നിർദ്ദിഷ്ട സമയത്തിന് പുറമെ 15 മിനിട്ട് 'കൂൾ ഓഫ് ടൈം' ഉണ്ടായിരിക്കും.
- 'കൂൾ ഓഫ് ടൈം' ചോദ്യങ്ങൾ പരിചയപ്പെടാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യാനും ഉപയോഗിക്കുക.
- ഉത്തരങ്ങൾ എഴുതുന്നതിന് മുമ്പ് ചോദ്യങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കണം.
- നിർദ്ദേശങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കണം.
- ചോദ്യങ്ങൾ മലയാളത്തിലും നൽകിയിട്ടുണ്ട്.
- കണക്ക് കൂട്ടലുകൾ, ചിത്രങ്ങൾ, ഗ്രാഫുകൾ എന്നിവ ഉത്തരപേപ്പറിൽ തന്നെ ഉണ്ടായിരിക്കണം.

Score

**1 മുതൽ 11 വരെയുള്ള ചോദ്യങ്ങളിൽ 16 സ്കോറിന് ഉത്തരം എഴുതുക.** **(16)**

1. ഇന്ത്യൻ ഭരണഘടനാ നിർമ്മാണ സമിതിയുടെ സ്ഥിര അദ്ധ്യക്ഷൻ ആരായിരുന്നു ?

   a) ജവഹർലാൽ നെഹ്റു

   b) Dr. B. R. അംബേദ്കർ

   c) Dr. രാജേന്ദ്ര പ്രസാദ് **(1)**

2. _________ ഭേദഗതിയിലൂടെയാണ് മൗലിക കടമകൾ ഇന്ത്യൻ ഭരണഘടനയിൽ കൂട്ടിച്ചേർത്തത്.

   a) $42^{nd}$

   b) $44^{th}$

   c) $61^{st}$ **(1)**

3. ഇന്ത്യൻ ഭരണഘടന മറ്റു രാജ്യങ്ങളിലെ ഭരണഘടനയിൽ നിന്നും കടം കൊണ്ട ചില വ്യവസ്ഥകളാണ് താഴെ കൊടുത്തിരിക്കുന്നത്. ബന്ധപ്പെട്ട രാജ്യങ്ങൾ കണ്ടെത്തുക.

| വ്യവസ്ഥകൾ | രാജ്യങ്ങൾ |
|---|---|
| നിർദ്ദേശക തത്വങ്ങൾ | |
| നീതിന്യായ പുന:പരിശോധന | |
| സമത്വം, സ്വാതന്ത്ര്യം, സാഹോദര്യം | |
| നിയമവാഴ്ച എന്ന ആശയം | |

**(4)**

Score

**4.** അടിസ്ഥാനഘടനാ സിദ്ധാന്തം ജുഡീഷ്യറി മുന്നോട്ടു വെച്ച കേസ് ഏതാണ് ?

a) ഗോലക് നാഥ് കേസ്

b) മിനർവമിൽ കേസ്

c) കേശവാനന്ദ ഭാരതി കേസ് **(1)**

**5.** ഇന്ത്യൻ ഭരണഘടന പ്രാബല്യത്തിൽ വന്നത് ________ ൽ ആണ്.

a) 1950 ജനുവരി 26

b) 1949 നവംബർ 26

c) 1946 ഡിസംബർ 6 **(1)**

**6.** താഴെ തന്നിരിക്കുന്ന വിഷയങ്ങൾ കേന്ദ്ര പട്ടിക, സംസ്ഥാന പട്ടിക, കൺകറന്റ് പട്ടിക എന്നിങ്ങനെ തരംതിരിക്കുക.

- പ്രതിരോധം
- ജയിൽ
- തൊഴിലാളി സംഘടന
- വിദ്യാഭ്യാസം
- പൊതുജനാരോഗ്യം
- കൃഷി

| കേന്ദ്ര പട്ടിക | സംസ്ഥാന പട്ടിക | കൺകറന്റ് പട്ടിക |
|---|---|---|
| | | |

**(3)**

**Score**

7. ഇന്ത്യയിലെ തദ്ദേശ ഗവൺമെന്റുകളുടെ പിതാവ് എന്നറിയപ്പെടുന്നത് ആര് ? **(1)**

8. ഇന്ത്യൻ പ്രസിഡന്റിനെ പദവിയിൽ നിന്നും നീക്കം ചെയ്യുന്ന പ്രക്രിയ ____________ ആണ്. **(1)**

9. പട്ടിക പൂർത്തികരിക്കുക.

| ഏക മണ്ഡല നിയമനിർമ്മാണ സഭ | ദ്വിമണ്ഡല നിയമ നിർമ്മാണ സഭ |
|---|---|
| | |

(കേരള, ബീഹാർ, പശ്ചിമബംഗാൾ, കർണ്ണാടക, മദ്ധ്യപ്രദേശ്, മഹാരാഷ്ട്ര) **(3)**

10. ചുവടെ നൽകിയിരിക്കുന്ന പുസ്തകങ്ങളുടെ രചയിതാക്കൾ ആരെന്ന് എഴുതുക.

a) ഭയത്തിൽ നിന്നുള്ള സ്വാതന്ത്ര്യം

b) ഓൺ ലിബേർട്ടി **(2)**

11. ചുവടെ നൽകിയിരിക്കുന്നവയിൽ നിന്നും രാഷ്ട്രീയാവകാശങ്ങൾ ഏതൊക്കെയെന്ന് കണ്ടെത്തുക.

a) സ്വത്തവകാശം

b) തെരഞ്ഞെടുപ്പിൽ മത്സരിക്കാനുള്ള അവകാശം

c) വിശ്രമത്തിനുള്ള അവകാശം

d) വോട്ടവകാശം **(2)**

Score

**12 മുതൽ 16 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് ഉത്തരം എഴുതുക. 3 സ്കോർ വീതം.** **(4×3=12)**

**12.** ഇന്ത്യൻ പ്രസിഡന്റിന്റെ മൂന്ന് വിവേചനാധികാരങ്ങൾ കണ്ടെത്തുക.

**13.** ഇന്ത്യയിൽ നീതിന്യായ വിഭാഗത്തിന്റെ സ്വാതന്ത്ര്യം ഉറപ്പാക്കുന്നതിനുള്ള 3 നടപടികൾ പ്രസ്താവിക്കുക.

**14.** ഇന്ത്യൻ ഭരണഘടന ഭേദഗതി ചെയ്യുന്നതിനുള്ള 3 രീതികൾ എഴുതുക.

**15.** സമത്വത്തിന്റെ 3 തലങ്ങൾ വിശദീകരിക്കുക.

**16.** ജോൺ റോൾസിന്റെ നീതി സിദ്ധാന്തത്തെ കുറിച്ച് ഒരു ചെറുകുറിപ്പ് തയ്യാറാക്കുക.

**17 മുതൽ 21 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് ഉത്തരം എഴുതുക. 4 സ്കോർ വീതം.** **(4×4=16)**

**17.** ഇന്ത്യയിലെ നിയമനിർമ്മാണത്തിന്റെ നടപടി ക്രമങ്ങൾ ചുരുക്കി വിവരിക്കുക.

**18.** ഭരണഘടനയുടെ കർത്തവ്യങ്ങൾ വിവരിക്കുക.

**19.** രാഷ്ട്രീയ സിദ്ധാന്തം പഠിക്കേണ്ടതിന്റെ പ്രാധാന്യത്തെക്കുറിച്ച് ഒരു കുറിപ്പ് എഴുതുക.

**20.** തെരഞ്ഞെടുപ്പിലെ കേവല ഭൂരിപക്ഷ സമ്പ്രദായവും (FPTP), അനുപാതിക പ്രാതിനിധ്യ സമ്പ്രദായവും താരതമ്യപ്പെടുത്തുക.

**21.** ഇന്ത്യയിലെ ബ്യൂറോക്രസിയുടെ പ്രാധാന്യം വിശദമാക്കുക.

Score

**22 മുതൽ 26 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് ഉത്തരം എഴുതുക. 5 സ്കോർ വീതം.** **(4×5=20)**

**22.** ഇന്ത്യൻ തെരഞ്ഞെടുപ്പ് കമ്മീഷന്റെ ചുമതലകൾ വിശദീകരിക്കുക.

**23.** സുപ്രീം കോടതി ഇന്ത്യയിലെ പരമോന്നത നീതിന്യായ സ്ഥാപനമാണ്. സുപ്രീം കോടതിയുടെ അധികാരപരിധിയെക്കുറിച്ച് വിശദീകരിക്കുക.

**24.** 73-ാം ഭരണഘടനാ ഭേദഗതി നിയമത്തിലെ പ്രധാന സവിശേഷതകൾ വിവരിക്കുക.

**25.** നിഷേധാത്മക സ്വാതന്ത്ര്യവും അനുകൂലാത്മക സ്വാതന്ത്ര്യവും തമ്മിലുള്ള വ്യത്യാസങ്ങൾ എന്തൊക്കെയാണ് ?

**26.** സ്വതന്ത്രവും നീതിയുക്തവുമായ തെരഞ്ഞെടുപ്പ് നടക്കുന്ന രാജ്യങ്ങളിലൊന്നാണ് ഇന്ത്യ. പക്ഷേ നമ്മുടെ തെരഞ്ഞെടുപ്പ് സമ്പ്രദായത്തിൽ ചില പോരായ്മകളുണ്ട്. നിലവിലെ തെരഞ്ഞെടുപ്പ് സമ്പ്രദായം പരിഷ്കരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുക.

**27 മുതൽ 29 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 2 എണ്ണത്തിന് ഉത്തരം എഴുതുക. 8 സ്കോർ വീതം.** **(2×8=16)**

**27.** ഇന്ത്യൻ ഭരണഘടനയിൽ പ്രതിപാദിച്ചിട്ടുള്ള മൗലീക അവകാശങ്ങൾ ചുരുക്കി വിവരിക്കുക.

**28.** താഴെ തന്നിരിക്കുന്ന സൂചകങ്ങളുടെ അടിസ്ഥാനത്തിൽ ഇന്ത്യൻ ഫെഡറൽ സമ്പ്രദായത്തിൽ നിലനിൽക്കുന്ന തർക്കവിഷയങ്ങളെക്കുറിച്ച് വിവരിക്കുക.

- കേന്ദ്ര സംസ്ഥാന ബന്ധങ്ങൾ
- സ്വയം ഭരണാധികാരത്തിനുള്ള ആവശ്യം
- ഗവർണറുടെ പങ്ക്
- പുതിയ സംസ്ഥാനങ്ങൾക്കു വേണ്ടിയുള്ള ആവശ്യം

**29.** ഇന്ത്യൻ ഭരണഘടനയുടെ രാഷ്ട്രീയ തത്വശാസ്ത്രങ്ങൾ ചുരുക്കി വിവരിക്കുക.